**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **28-07-2021 - ൽ മറുപടിയ്ക്ക്**

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന അക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടന്ന കൊലപാതകം, കൊലപാതകശ്രമം, ബലാത്സംഗം, സ്ത്രീധന പീഢന മരണം, ലൈംഗിക അതിക്രമങ്ങളുടെ എണ്ണം, ലൈംഗിക അതിക്രമങ്ങളിലൂടെയുള്ള മരണം, കൊള്ള, മോഷണം, കലാപങ്ങൾ, ബ്ലേഡ് മാഫിയ ആക്രമണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ വീടും സ്ഥലവും നഷ്ടപ്പെട്ടവർ, മണൽ മാഫിയ ആക്രമണം, മണൽ മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, കുട്ടികൾക്കുനേരെയുള്ള ആക്രമണം, വൃദ്ധർക്കുനേരെയുള്ള ആക്രമണം, ട്രാൻസ്ജൻഡർക്കു നേരെയുള്ള ആക്രമണം, മറ്റ് മാഫിയ ആക്രമണവും മരണവും എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ (25/05/2016 മുതൽ 19/05/2021 വരെ) ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കണക്കുകളുടെ അടിസ്ഥാനത്തിൽ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് ആഭ്യന്തര വകുപ്പിൽ നടത്താൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ? | (ബി) | ക്രമസമാധാന പരിപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കൂടാതെ ജനമൈത്രി പോലീസിങ് സംവിധാനം ശക്തമാക്കുകയും പോലീസുദ്യോഗസ്ഥർക്ക് കേസന്വേഷണം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശവും ബന്ധപ്പെട്ട വിഷയങ്ങളിൽ ക്ലാസ്സും ട്രെയിനിങ്ങും നൽകുകയും, പോലീസ് സ്റ്റേഷനുകളിൽ ക്രൈം വിഭാഗം പ്രത്യേകമായി തരം തിരിക്കുകയും, പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയും, പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തുകയും, കേസന്വേഷണ വിഭാഗം ശക്തിപ്പെടുത്തുകയും സ്ഥിരം |

| | | | |
|---|---|---|---|
| | | | കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുകയും, മദ്യം, മയക്കുമരുന്ന് കള്ളപ്പണ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം റോഡുകളിലും മറ്റും ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രൈം ഹെഡ് | | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| കൊലപാതകം | | 1,512 |
| കൊലപാതകശ്രമം | | 3,106 |
| ബലാത്സംഗം | | 9,686 |
| സ്ത്രീധന പീഢന മരണം | | 54 |
| ലൈംഗിക അതിക്രമങ്ങളുടെ എണ്ണം (ബലാത്സംഗ കേസുകൾ ഉൾപ്പെടെ) | | 27,124 |
| ലൈംഗിക അതിക്രമങ്ങളിലൂടെയുള്ള മരണം | | 11 |
| കൊള്ള | Dacoity | 346 |
| | Robbery | 3,917 |
| മോഷണം | HB Day & Night | 10,696 |
| | Ordinary Theft | 16,030 |
| കലാപങ്ങൾ | | 0 |
| ബ്ലേഡ് മാഫിയ ആക്രമണം, | | 0 |
| ബ്ലേഡ് മാഫിയ ആക്രമണത്തി- ലൂടെയുള്ള മരണം | | 0 |
| ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ വീട്ടും സ്ഥലവും നഷ്ടപ്പെട്ടവർ | | 0 |
| മണൽ മാഫിയ ആക്രമണം, | | 0 |
| മണൽ മാഫിയ ആക്രമണത്തി- ലൂടെയുള്ള മരണം | | 0 |
| കുട്ടികൾക്കുനേരെയുള്ള ആക്രമണം | | 19,112 |
| വൃദ്ധർക്കുനേരെയുള്ള ആക്രമണം, | | 2,085 |
| ട്രാൻസ്ജൻഡർക്കു നേരെയുള്ള ആക്രമണം | | 28 |
| മറ്റ് മാഫിയ ആക്രമണവും മരണവും | | 0 |

സെക്ഷൻ ഓഫീസർ

Scanned by CamScanner